**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2225** **14-10-2024 - ൽ മറുപടിയ്ക്ക്**

**ചെറുധാന്യങ്ങൾ ഭക്ഷണശീലങ്ങളിൽ ഉൾപ്പെടുത്തുന്നതിനുള്ള സാധ്യതകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.മോഹനൻ | | ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | ജീവിതശൈലിരോഗങ്ങളും കുട്ടികളിൽ അനീമിയ (വിളർച്ച)പോലുള്ള രോഗങ്ങളും വ്യാപകമായിക്കൊണ്ടിരിക്കുന്ന സാഹചര്യത്തിൽ ചെറുധാന്യങ്ങൾ ഭക്ഷണശീലങ്ങളിൽ ഉൾപ്പെടുത്തുന്നതിന് ഭക്ഷ്യ പൊതുവിതരണ വകുപ്പിന് ഏതൊക്കെ തരത്തിലുള്ള പങ്കുവഹിക്കാനാവുമെന്ന് വിശദമാക്കുമോ; | (എ) | ചെറുധാന്യങ്ങൾ നമ്മുടെ ഭക്ഷണശീലങ്ങളിൽ ഉൾപ്പെടുത്തുന്നതിന് റേഷൻകടകളിലൂടെ ചെറുധാന്യങ്ങൾ വിതരണം ചെയ്യുന്നതിനുള്ള ശ്രമങ്ങൾ പൊതുവിതരണ വകുപ്പ് സ്വീകരിച്ചു വരുന്നു.<br><br>പൊതുവിതരണ മേഖലയിലൂടെ ചെറുധാന്യങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി റേഷൻകടകൾ മുഖേന റാഗി വിതരണം നടത്തുന്നതിനായി, 2023 മാർച്ച് മാസത്തെ അലോട്ട്മെന്റിൽ ഉൾപ്പെടുത്തി, ആയത് ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചിരുന്നു. എന്നാൽ ടി വിഹിതം FCI മുഖേന ലഭ്യമാകുന്നതിന് കാലതാമസം വന്നതിനാൽ 2023 ജൂൺ മുതലാണ് സംസ്ഥാനത്തെ റേഷൻകടകൾ മുഖേനയുള്ള വിതരണം ആരംഭിച്ചത്. FCI യിൽ നിന്ന് ലഭ്യമാകുന്ന റാഗി സപ്ലൈകോ മുഖേന പൊടിയാക്കി 1 കി.ഗ്രാം വരുന്ന പായ്ക്കറ്റുകളിലാണ് വിതരണം നടത്തുന്നത്. എ.എ.വൈ., മുൻഗണനാ വിഭാഗങ്ങൾക്ക് കാർഡൊന്നിന് 1 പായ്ക്കറ്റെന്ന രീതിയിൽ യഥാക്രമം 8 രൂപ, 10 രൂപ നിരക്കിൽ വിതരണം നടത്തി വരുന്നു. പ്രധാനമായും ആദിവാസി മേഖലകളെ ലക്ഷ്യമാക്കിയാണ് റാഗിപ്പൊടിയുടെ വിതരണം ക്രമീകരിച്ചിരിക്കുന്നത്. റാഗി വിതരണത്തിലൂടെ, മാറി വരുന്ന ഭക്ഷ്യ സംസ്കാരത്തിൽ നിന്ന് അവരുടെ തനതു ഭക്ഷണപാരമ്പര്യം തിരികെപിടിക്കുന്നതിന് പ്രസ്തുത വിഭാഗത്തെ ഒരു പരിധിവരെ ഇത് സഹായിച്ചിട്ടുണ്ട്. എന്നാൽ ആവശ്യകതയ്ക്കനുസരിച്ച് കൃത്യമായി ലഭ്യമാകാത്തതിനാൽ, വിതരണത്തിൽ തടസ്സം ഉണ്ടായിട്ടുണ്ട്. |
| (ബി) | രോഗപ്രതിരോധശേഷി വർധിപ്പിക്കുന്നതും പോഷക സമൃദ്ധവുമായ ബജ്റ, റാഗി തുടങ്ങിയ ചെറുധാന്യങ്ങൾ അംഗൻവാടികളിലും സ്കൂൾ ഉച്ചഭക്ഷണ പദ്ധതിയിലും ഉൾപ്പെടുത്തുന്നതിന് | (ബി) | നിലവിൽ പരിഗണനയിലില്ല. |

| | | | |
|---|---|---|---|
| | ഭക്ഷ്യവകുപ്പ് മുൻകൈയ്യെടുക്കുമോ; വിശദാംശം നല്കുമോ; | | |
| (സി) | പ്രസ്തുത ധാന്യങ്ങൾ റേഷൻ കടകളിലൂടെയും, ഭക്ഷ്യ വകുപ്പിന്റെ ന്യായവില കേന്ദ്രങ്ങളിലൂടെയും ലഭ്യമാക്കുന്ന കാര്യം സർക്കാർ പരിശോധിക്കുമോ; വിശദമാക്കുമോ? | (സി) | 2023-24 സാമ്പത്തിക വർഷം മുതൽ റേഷൻകടകൾ മുഖേന മുൻഗണനാ വിഭാഗങ്ങൾക്ക് സബ്സിഡി നിരക്കിൽ റാഗി വിതരണം ആരംഭിച്ചിട്ടുണ്ട്. 2023-24 സാമ്പത്തിക വർഷത്തിൽ ലഭ്യമായ 1508 മെ.ടൺ റാഗി സപ്ലൈകോ മുഖാന്തരം റാഗിപ്പൊടിയാക്കി റേഷൻകടകൾ മുഖേന വിതരണം നടത്തിയിരുന്നു. എന്നാൽ 2024-25 സാമ്പത്തിക വർഷത്തിൽ ആവശ്യമായ റാഗിയുടെ അളവ് കേന്ദ്രസർക്കാരിനെ അറിയിച്ചിട്ടുണ്ടെങ്കിലും ആയത് ലഭ്യമായിട്ടില്ല. |

സെക്ഷൻ ഓഫീസർ